# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1595 02.07.2015-ൽ മറുപടിയ്ക്ക്

## <u>സർക്കാർ പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. ഗീതാ ഗോപി: | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (എ) ഉണ്ട്<br>സർക്കാരിന്റെ 29.11.2014 തീയതിയിലെ ഉത്തരവ് (എം.എസ്.) നം. 916/2014/ഉവിവ നം. പ്രകാരം അച്ചടി വകുപ്പിനെ കെ.എസ്.ആർ പരിധിയിൽ ഉൾപ്പെടുന്ന ഒരു പൂർണ്ണ സർക്കാർ വകുപ്പാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അച്ചടിവകുപ്പിൽ നിന്നും റിട്ടയർചെയ്ത ജീവനക്കാർ കെ.എസ്.ആർ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റി റിട്ടയർ ചെയ്തതിനുശേഷം 1972 ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റിആക്ട് പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും തിരുവനന്തപുരം ജില്ല ലേബർ ഓഫീസർ ഇതു സംബന്ധിച്ച് അനുകൂല ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. അപ്രകാരം സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് KSR പ്രകാരവും 1972-ലെ ഗ്രാറ്റുവിറ്റിആക്ട് പ്രകാരവുമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടിവരുന്നത് സർക്കാരിന് വൻസാമ്പത്തിക ബാദ്ധ്യത യുണ്ടാക്കുമെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ |

| | | | |
|---|---|---|---|
| | | | പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. |
| ബി) | ഫാക്ടറി ആക്ടിൽ നിന്ന് ഒഴിവാകുന്നതുകൊണ്ട് ഗവൺമെന്റ് പ്രസ്സ് ജീവനക്കാർക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നതായ ഏതെല്ലാം ആനുകൂല്യങ്ങളാണ് നഷ്ടപ്പെടുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | സർക്കാർ പരിശോധിച്ചുവരികയാണ്. |
| സി) | ഗവൺമെന്റ് പ്രസ്സുകളിലെ ട്രേഡ് യൂണിയനുകൾ നൽകിയ പരാതികൾ പരിശോധിച്ച്, വീണ്ടും ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസം - അച്ചടിവകുപ്പ് - ഗവൺമെന്റ് പ്രസ്സിനെ കെ.എസ്സ്.ആർ പരിധിയിൽ വരുന്ന ഒരു പൂർണ്ണ സർക്കാർ വകുപ്പ് ആക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ്

സ.ഉ.(എം.എസ്)നം.916/14/ഉവിവ. തിരുവനന്തപുരം, തീയതി: 29-11-2014.

പരാമർശം:- 1) 5-2-2007-ലെ 33247/എച്ച്3/2006/ഉവിവ നമ്പർ കത്ത്.

2) ശ്രീമതി. വസന്തമ്മാളും മറ്റ് 86 പേരും ചേർന്ന് ഫയൽ ചെയ്ത ജി.സി.1/2010 മുതൽ 86/2010 വരെ, 330/2010 നമ്പർ ഗ്രാറ്റുവിറ്റി കേസുകളിന്മേലുള്ള തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ (കൺട്രോളിംഗ് അതോറിറ്റി) 14-9-2011-ലെ ഉത്തരവ്.

3) അച്ചടി വകുപ്പ് ഡയറക്ടറുടെ 24-4-2012, 5-5-2012 തീയതികളിലെ 1913/2008/ഇ 10 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള സർവ്വീസ് റൂൾസ് പ്രകാരം ഡി.സി.ആർ.ജി നല്കിയതിനെ ഗവ.പ്രസ്സിൽനിന്നും വിരമിച്ച ശ്രീമതി.വസന്തമ്മാളും മറ്റ് 86 പേരും എതിർക്കുകയും 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമുള്ള ക്ലെയിമുകൾ അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ മുൻപാകെ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിലെ സെക്ഷൻ 7(4), 1973-ലെ കേരള പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി റൂൾസിലെ റൂൾ 10(1) എന്നിവ പ്രകാരമായിരുന്നു ടി അപേക്ഷകൾ സമർപ്പിക്കപ്പെട്ടത്. 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഫാക്ടറിയാണ് ഗവൺമെന്റ് പ്രസ്സ് എന്നതായിരുന്നു അവരുടെ വാദം. അച്ചടി വകുപ്പിൽനിന്നും വിരമിച്ച ടി 87 വ്യക്തികൾക്ക് 10% പലിശയുൾപ്പെടെ ഗ്രാറ്റുവിറ്റിതുകയുടെ ബാക്കി നല്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ/കൺട്രോളിംഗ് അതോറിറ്റി പരാമർശം (2)പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) പ്രസ്തുത ഉത്തരവിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

ഗവ. പ്രസ് 1948-ലെ ഫാക്ടറീസ് ആക്ട്പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടറാണ്. ഗവൺമെന്റ് പ്രസ്സിന്റെ രജിസ്ട്രേഷൻ നമ്പർ TVM/13/20/1986 ആണ്. സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള

ലൈസൻസ് 25,000/-രൂപ ഒടുക്കി വർഷംതോറും ഗവ.പ്രസ്സ് സൂപ്രണ്ടിന്റെപേരിൽ പുതുക്കി നല്കുന്നതായി കാണുന്നു. പ്രസ്തുത ലൈസൻസ് പ്രകാരം ടി സ്ഥാപനത്തിൽ 2000-ത്തിൽ താഴെ ജോലിക്കാർ ജോലിചെയ്യുന്നുണ്ട്. ഗവൺമെന്റ് പ്രസ്സിൽ ട്രേഡ് യൂണിയനുകളുടെ ഒരു റഫറണ്ടം നടത്താൻ WP(C)No.25346/04(P)-ന്മേലുള്ള ബഹു. ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിരുന്നു. 1926-ലെ ട്രേഡ് യൂണിയൻസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ ട്രേഡ് യൂണിയനുകളിലെ അംഗങ്ങളാണ് തങ്ങളെന്നും മാനേജ്മെന്റ് പതിവായി റഫറണ്ടം നടത്താറുണ്ടെന്നും അപേക്ഷകർ ബോധിപ്പിക്കുകയുണ്ടായി. ഫാക്ടറീസ് ആക്ട്പ്രകാരമുള്ള ആനുകൂല്യങ്ങളായ യൂണിഫോം, കാന്റീൻ സൌകര്യം, അവധി തുടങ്ങിയവ തങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്നും ജീവനക്കാരുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവൃത്തികൾ ഫലപ്രദമായി നിറവേറ്റുന്നതിന് ഒരു വെൽഫെയർ ഓഫീസറെ ഗവ. പ്രസ്സിൽ നിയോഗിച്ചിട്ടുണ്ട് എന്നും ഉത്സവകാലത്ത് 8.33% നിരക്കിൽ എക്സ്ഗ്രേഷ്യാ അനുവദിച്ച നൽകാറുണ്ടെന്നും അപേക്ഷകർ കൺട്രോളിംഗ് അതോറിറ്റി മുൻപാകെ വാദിക്കുകയുണ്ടായി.

1972-ഗ്രാറ്റുവിറ്റി ആക്ടിലെ സെക്ഷൻ 2(e)പ്രകാരം 'തൊഴിലാളി' എന്നാൽ ഏതെങ്കിലും സ്ഥാപനത്തിലോ, ഫാക്ടറിയിലോ .................... കൂലിയിന്മേൽ നിയോഗിക്കപ്പെടുന്ന (അപ്രന്റീസ് അല്ലാത്ത) ഏതെങ്കിലും വ്യക്തി എന്നർത്ഥമാകുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെയോ ഒരു സംസ്ഥാനസർക്കാരിന്റെയോ കീഴിൽ ഒരു തസ്തികയിൽ ഉദ്യോഗം വഹിക്കുന്നതോ ഗ്രാറ്റുവിറ്റി നൽകുന്ന മറ്റേതെങ്കിലും ആക്ടിനോ ചട്ടത്തിനോ വിധേയമായിട്ടുള്ളതോ ആയ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

"ഗവ. പ്രസ്സ് ഫാക്ടറീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടുന്നുണ്ടെങ്കിലും അവിടെ ജോലിചെയ്യുന്നവർ സംസ്ഥാന സർക്കാരിന്റെകീഴിൽ വരുന്നവരാണെന്നും കെ.എസ്.ആർ പ്രകാരമുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യത്തിന് മാത്രം അർഹരാണെന്നും മറ്റ് ആനുകൂല്യങ്ങളും കെ.എസ്.ആർ പ്രകാരം അനുഭവിക്കുന്നവരാണെന്നും അങ്ങനെയുള്ളവർ 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിലെ സെക്ഷൻ 2(e)പ്രകാരമുള്ള 'തൊഴിലാളി' എന്ന നിർവ്വചനത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നും" പരാമർശം ഒന്നിലെ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 2(e) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള തസ്തികയിലെ ഉദ്യോഗസ്ഥരെയാണ് ഒഴിവാക്കുന്നതെന്നും അല്ലാതെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളിലെ ഉദ്യോഗം വഹിക്കുന്ന ജീവനക്കാരെയല്ലെന്നും ഗവൺമെന്റ് പ്രസ്സ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു ഫാക്ടറിയാണ് എന്നും കൺട്രോളിംഗ് അതോറിറ്റി വ്യക്തമാക്കുകയുണ്ടായി. ഗവൺമെന്റ് പ്രസ്സ് ജീവനക്കാരെ സംസ്ഥാന സർക്കാർ ജീവനക്കാരായി കണക്കാക്കണമെന്നും അവരെ ആക്ടിലെ സെക്ഷൻ 2(e) പ്രകാരമുള്ള തൊഴിലാളി എന്ന നിർവ്വചനത്തിൽനിന്ന് ഒഴിവാക്കണമെന്നുമുള്ള ഗവൺമെന്റ് പ്രസ്സ് വക്കീലിന്റെ വാദം അതോറിറ്റി സ്വീകരിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

us 1595



ഗവൺമെന്റ് പ്രസ്സ് ഒരു ഫാക്ടറിയാണെന്നും 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, ജീവനക്കാർക്ക് ബാധകമാണെന്നും, പ്രസ്തുത ആക്ട്പ്രകാരമുള്ള ഗ്രാറ്റുവിറ്റിക്ക് ഗവൺമെന്റ് പ്രസ്സിലെ തൊഴിലാളികൾ അർഹരാണെന്നുമാണ് അതോറിറ്റി പ്രഖ്യാപിച്ചിരിക്കുന്നത്. 34/1994 നമ്പർ ആക്ട്പ്രകാരം 24.5.1994 മുതൽ 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപയും നം.11/1998 ആക്ട്പ്രകാരം 24.9.1997 മുതൽ 3,50,000/-(മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയും ഭേദഗതി ആക്ട്, 2010 പ്രകാരം 24.5.2010 മുതൽ 10,00,000/-(പത്തു ലക്ഷം രൂപ മാത്രം) രൂപയും ഏറ്റവും ഉയർന്ന ഗ്രാറ്റുവിറ്റി തുകയായി നിശ്ചയിച്ചിട്ടുമുണ്ട്.

കെ.എസ്.ആർ പ്രകാരമുള്ള ഡി.സി.ആർ.ജി ലഭിച്ച തൊഴിലാളിക്ക് 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്പ്രകാരമുള്ള ഗ്രാറ്റുവിറ്റിക്ക് അർഹതയില്ലാതാകുന്നില്ല എന്നും 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് സെക്ഷൻ 14 പ്രകാരം കെ.എസ്.ആർ.പ്രകാരമുള്ള ഡി.സി.ആർ.ജി.യുടെ ചട്ടങ്ങൾ മറികടക്കാവുന്നതാണ് എന്നും കൺട്രോളിംഗ് അതോറിറ്റി നിരീക്ഷിച്ചിട്ടുണ്ട്. ഈ ആക്ടിൻകീഴിൽ നല്കപ്പെടുന്ന ഗുണാനുഭവങ്ങളേക്കാൾ കുറഞ്ഞതല്ലാത്ത ഗ്രാറ്റുവിറ്റിയോ പെൻഷനോ ഏതെങ്കിലും സ്ഥാപനത്തിലെ ജീവനക്കാർക്ക് ലഭിക്കുന്നുവെങ്കിൽ, അത്തരം സ്ഥാപനത്തെ ഈ ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്ന് ഒഴിവാക്കുന്നതിന് സർക്കാരിനെ ആക്ടിലെ സെക്ഷൻ 5 അധികാരപ്പെടുത്തിയിട്ടുണ്ട് എന്നും ഈ ആക്ടിന്റെ വ്യവസ്ഥകളിൽനിന്നും ഗവ. പ്രസ്സിനെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല എന്നും കൺട്രോളിംഗ് അതോറിറ്റി നിരീക്ഷിക്കുകയുണ്ടായി. ഗവ. പ്രസ്സിലെ തൊഴിലാളികൾ 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമുള്ള ഗ്രാറ്റുവിറ്റിക്ക് അർഹരാണ് എന്നും എന്നാൽ കെ.എസ്.ആർ-നുകീഴിലുള്ള ഗ്രാറ്റുവിറ്റികൂടി അവകാശപ്പെടുന്നതിന് ടി ജീവനക്കാർക്ക് അർഹതയില്ലെന്നും ആയതിനാൽ ടി ജീവനക്കാർക്ക് ബാക്കി ഗ്രാറ്റുവിററി തുക നല്കേണ്ടതായിട്ടുണ്ട് എന്നും അതോറിറ്റി വിധിക്കുകയുണ്ടായി. ബാക്കി ഗ്രാറ്റുവിറ്റി നൽകുവാനുള്ള കാലതാമസം തൊഴിലുടമയുടെ കുറ്റംകൊണ്ടാണെന്നും അതിനാൽ ആക്ടും ചട്ടങ്ങളും അനുസരിച്ച് 10% സാധാരണപലിശയോടുകൂടി ബാക്കി ഗ്രാറ്റുവിറ്റി നല്കണമെന്ന് ഉത്തരവാകുകയും ചെയ്തു. ഉത്തരവ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഓരോ ജീവനക്കാരനും മേൽപ്രകാരമുള്ള തുക നല്കണമെന്നും വിവരം കൺട്രോളിംഗ് അതോറിറ്റിയെ അറിയിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

3) അച്ചടി വകുപ്പിൽനിന്നും റിട്ടയർചെയ്ത ജീവനക്കാർ കെ.എസ്.ആർ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റി റിട്ടയർ ചെയ്തതിനുശേഷം 1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം പലിശയുൾപ്പെടെ ഗ്രാറ്റുവിറ്റിതുകയുടെ ബാക്കി ലഭിക്കുന്നതിന് കൺട്രോളിംഗ് അതോറിറ്റിയിൽനിന്ന് പരാമർശം (2)പ്രകാരം അനുകൂല ഉത്തരവ് നേടിയ സാഹചര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം മൂന്നപ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റിട്ടയർ ചെയ്ത മറ്റു ജീവനക്കാർക്കും ഇതുപോലെ കൂടുതൽ കേസുകൾ നടത്തി ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രചോദനം ഉണ്ടാകുകയും അത് സർക്കാരിന് വൻ ബാദ്ധ്യത വരുത്തുകയും ചെയ്യാമെന്ന സാഹചര്യം കണക്കിലെടുത്ത് ഗവൺമെന്റ് പ്രസ്സിനെ കെ.എസ്സ്.ആറിന്റെ പരിധിയിൽ വരുന്ന ഒരു പൂർണ്ണ സർക്കാർ വകുപ്പ് ആക്കി മാറ്റിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ഡോ. രാജു നാരായണ സ്വാമി
ഗവൺമെന്റ് സെക്രട്ടറി

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (1-11-2013-ലെ 81171/Edn.B3/13/Fin പ്രകാരം)
നിയമവകുപ്പ് (28.11.13-ലെ 25080/സ്യൂട്ട് I(3)/13/നിയമം പ്രകാരം)
പൊതുഭരണ(എസ്.സി)വകുപ്പ് (ഇനം നം. പ്രകാരം)
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ